**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3973 | 11.11.2019 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കൽ** | |
| ചോദ്യം | മറുപടി |
| **ശ്രീ.പി.സി. ജോർജ്** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) കേന്ദ്ര സർക്കാർ പദ്ധതിയായ ICDS ന്‍ കീഴിൽ വരുന്ന അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും ഓണറേറിയം കൈപ്പറ്റുന്നവരാണ്. ഇവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുവാൻ കഴിയുകയില്ല. |
| ബി) ഇവരുടെ ശമ്പളവും പെൻഷനും വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി)11/02/2019 ലെ സ.ഉ(സാധാ)നം. 81/2019/സാനീവ പ്രകാരം, 01/10/2018 മുതൽ പ്രാബല്യത്തിൽ സംസ്ഥാനത്തെ മെയിൻ അംഗൻവാടി വർക്കർമാരുടെ ഓണറേറിയം ₹11,500/-(പതിനൊന്നായിരത്തി അഞ്ഞൂറു രൂപ മാത്രം) ആയും മിനി അംഗൻവാടി വർക്കർമാരുടെ ഓണറേറിയം ₹10,500/- (പതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) ആയും അംഗൻവാടി ഹെൽപ്പർമാരുടെ ഓണറേറിയം ₹7,750/- (ഏഴായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം) ആയും വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. അതുപോലെ പ്രതിമാസ ഓണറേറിയത്തിനു പുറമേ അംഗൻവാടി ഹെൽപ്പർമാർക്ക് അംഗൻവാടി സെന്ററുകളുടെ ശരിയായ നടത്തിപ്പിൽ അവരുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം ₹250/-(ഇരുന്നൂറ്റി അൻപത് രൂപ മാത്രം) ഇൻസെന്റീവ് (Performance linked incentive) നൽകുന്നതിനും ഉത്തരവായിട്ടുണ്ട്. ഈ വർഷത്തെ ബജറ്റ് മറുപടി |

| | |
|---|---|
| | പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് അങ്കണവാടി വർക്കർമാരുടെ ഓണറേറിയം 12,000/- രൂപയായും ഹെൽപ്പർമാരുടെ ഓണറേറിയം 8,000/- രൂപയായും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| സി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ സ്വന്തം കെട്ടിടങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ. സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ സ്വന്തം കെട്ടിടങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് MGNREGS, സ്റ്റേറ്റ് പ്ലാൻ, സ്മാർട്ട് അംഗൻവാടി മുതലായ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി, സർക്കാർ അനുമതിയ്ക്ക് വിധേയമായി, സ്ഥലം ലഭ്യമായ അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ